കേരള കന്നുകാലി വികസന ബോർഡ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം)

റീജിയണൽ സ്റ്റേഷൻ
കുളത്തൂപ്പുഴ
കൊല്ലം691310.
ഫോൺ 0475 2317547.

നമ്പർ. സി2/80/98/വാല്യം.4

തീയതി. 03.04.2018

# ലേലപ്പരസ്യം

കേരള കന്നുകാലി വികസന ബോർഡിന്റെ കുളത്തൂപ്പുഴ ഫാമിൽനിന്നും ഉദ്ദേശം 14 കന്നുകുട്ടികളെ 25.4.2018-ൽ പരസ്യലേലത്തിൽ/ക്വട്ടേഷൻ വ്യവസ്ഥയിൽ വിൽക്കുന്നതാണ്.

| സ്ഥലം | സീൽഡ് ക്വട്ടേഷൻ വാങ്ങുന്ന ഉദ്യോഗസ്ഥൻ | പശുക്കളുടെ എണ്ണം | സീൽഡ് ക്വട്ടേഷൻ സമർപ്പിക്കേണ്ട സമയം | ലേലം തുടങ്ങുന്ന തീയതിയും സമയവും |
|---|---|---|---|---|
| കെ.എൽ.ഡി ബോർഡ് കുളത്തൂപ്പുഴ | മാനേജർ (എ.എച്ച്) കുളത്തൂപ്പുഴ ഫാം കുളത്തൂപ്പുഴ | 14 കന്നുകുട്ടികൾ | 25.04.2018 രാവിലെ 11 മണിവരെ. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി 2000/-രൂപ അടച്ചതിന്റെ രസീത് ഉള്ളടക്കം ചെയ്തിരിക്കണം | 25.04.2018 രാവിലെ11.30 മുതൽ |

## വ്യവസ്ഥകൾ

1. ലേലത്തിൽ പങ്കുചേരാൻ ഉദ്ദേശിക്കുന്നവർ നിരതദ്രവ്യമായി 2000/- രൂപ 25.4.2018 രാവിലെ 10.30-ന് മുൻപായി ആഫീസിൽ അടച്ചിരിക്കേണ്ടതാണ്. മേൽപ്പറഞ്ഞ ദിവസം അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസംവരെ ക്വട്ടേഷൻ സ്വീകരിക്കുന്നതും തുടർന്ന് ലേലം നടത്തുന്നതുമാണ്.

2. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ ഓരോ കിടാവിനും പ്രത്യേകം പ്രത്യേകം ക്വട്ടേഷൻ സമർപ്പിക്കേതാണ്. ക്വട്ടേഷനോടൊപ്പം 2000/- രൂപ നിരതദ്രവ്യം അടച്ചതിന്റെ രസീത് ഉള്ളടക്കം ചെയ്തിരിക്കണം. സീൽഡ് ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ ഏത് പശുവിനെയാണോ ക്വാട്ട് ചെയ്യുന്നത് ആ പശുവിന്റെ നമ്പറും, ക്വോട്ട് ചെയ്യുന്ന വിലയും വ്യക്തമായി രേഖപ്പെടുത്തേതാണ്. കവറിനുപുറത്ത് പശുവിന്റെ നമ്പർ, ക്വോട്ട് ചെയ്യുന്ന ആളുടെ പേര് എന്നിവ രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷൻ സമർപ്പിക്കാത്തവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ അവർ നിരതദ്രവ്യം നിശ്ചിത സമയത്തിനുള്ളിൽ

അടച്ചിരിക്കണം. യാതൊരുകാരണവശാലും നിരതദ്രവ്യം അടയ്ക്കാത്തവരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

3. സീൽഡ് ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്ന ഓരോ പശുവിന്റേയും കൂടിയ തുകയോ, പശുക്കളെ പരസ്യമായി ലേലം ചെയ്യുമ്പോൾ കിട്ടുന്ന തുകയോ ഏതാണ് കൂടിയത് എന്നുനോക്കി ലേലം ഉറപ്പിക്കുന്നതാണ്.

4. ന്യായമായ വില കിട്ടാത്ത പശുക്കളുടെ ലേലം സ്ഥിരപ്പെടുത്താതിരിക്കാനുള്ള അധികാരം ലേലം നടത്തുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

5. ലേലം സ്ഥിരപ്പെടുത്തി കഴിഞ്ഞാൽ ലേലത്തുകയുടെ 1/3 ഭാഗം അപ്പോൾത്തന്നെ ഓഫീസിൽ അടയ്ക്കേണ്ടതാണ്.

6. ലേലത്തിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യം അടച്ച വ്യക്തികൾക്കോ അവർ നിർദ്ദേശിക്കുന്ന പ്രതിപുരുഷനോ മാത്രമേ അവകാശം ഉണ്ടായിരിക്കുകയുള്ളു. നിരതദ്രവ്യം അടച്ചതിന്റെ രസീത് ലേലത്തിനുമുമ്പ് ലേലത്തിൽ പങ്കുകൊള്ളുന്നവർ ഹാജരാക്കേതാണ്.

7. ലേലം ഉറപ്പിച്ചു കഴിഞ്ഞാൽ 3 ദിവസത്തിനുള്ളിൽ (28.04.2018 വൈകുന്നേരം 5 മണി) പണം മുഴുവൻ അടച്ചശേഷം പശുക്കളെ കൊണ്ടു പോകാവുന്നതാണ്. അല്ലാത്തപക്ഷം ടി ഉരുവിന്റെ ദൈനംദിന ചെലവുകൾക്കായി പ്രതിദിനം 200/- രൂപ ക്രമത്തിൽ നിരതദ്രവ്യം/ ലേലത്തുകയിൽനിന്നും നിന്നും ഈടാക്കുന്നതായിരിക്കും.

8. 10 ദിവസം കഴിഞ്ഞിട്ടും ഉരുക്കളെ കൊണ്ടുപോകാത്ത സാഹചര്യത്തിൽ, പശുക്കളുടെ മുൻകൂർ അടച്ച ലേലത്തുക കെ.എൽ.ഡി ബോർഡിലേക്ക് കണ്ടുകെട്ടുന്നതും, അത്തരം പശുക്കളുടെമേൽ ലേലംകൊണ്ടയാൾക്ക് യാതൊരു അവകാശവും പിന്നീട് ഉണ്ടായിരിക്കുന്നതുമല്ല.

9. പശുക്കളെ സംബന്ധിച്ചുള്ള വിവരങ്ങൾ തൽസമയത്ത് ഫാം രേഖകളിൽ അടിസ്ഥാനമാക്കിയുള്ളതാണ്. ലേലശേഷം ലേലക്കാരന്റെ ഉദ്ദേശ്യങ്ങൾക്കോ, പരിസ്ഥിതി മാററങ്ങൾക്കോ വിധേയമായി ഉണ്ടായേക്കാവുന്ന ഒരു ന്യൂനതയ്ക്കും ബോർഡ് ഉത്തരവാദി ആയിരിക്കുന്നതല്ല. ഒരിക്കൽ വിറ്റ ഉരുവിനെ ഒരുകാരണവശാലും ബോർഡിലേക്ക് തിരിച്ചെടുക്കുന്നതല്ല.

10. ഉരുക്കളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയേണ്ടവർ കെ.എൽ.ഡി ബോർഡ് കുളത്തൂപ്പുഴ ഫാമിലെ ഡെപ്യൂട്ടി മാനേജർ (എ.എച്ച്)-നെ സമീപിക്കേണ്ടതാണ്. പശുക്കളുടെ ശാരിരികാവസ്ഥയും മറ്റുഗുണങ്ങളും ലേലക്കാർക്ക് നേരിട്ടോ വിദഗ്ധരുടെ സഹായംമൂലമോ ബോധ്യപ്പെടാവുന്നതാണ്. 2018 ഏപ്രിൽ മാസം 23, 24 തീയതികളിൽ ലേലക്കാർക്ക് പശുക്കളെ കണ്ടുബോധ്യപ്പെടാവുന്നതാണ്.

മാനേജർ (എ.എച്ച്)